(ബി) പത്രപ്രവർത്തകർക്കുനേരെ ഇത്തരത്തിൽ പോലീസ് കൈയേറ്റം നടത്താനുണ്ടായ സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5 പേരെ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരെയുള്ള സമരത്തിന്റെ ഭാഗമായി ജാഥ നടത്തിയവർ അക്രമാസക്തരായതിനെ തുടർന്ന് പോലീസ് അവരെ വിരട്ടിയോടിക്കുന്നതിനിടയിലും പോപ്പിന്റെ കോട്ടയം സന്ദർശനവേളയിലുമാണ് പത്ര പ്രവർത്തകർക്ക് മർദ്ദനമേറ്റതായി പരാതി ലഭിച്ചിട്ടുള്ളത്.

പത്രപ്രതിനിധികളെ പോലീസ് മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തെന്ന പരാതി

743 [875] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10.6.1986 വരെ എത്ര പത്രപ്രതിനിധികളെ പോലീസുകാർ അകാരണമായി മർദ്ദിച്ചുവെന്നും ഭീഷണിപ്പെടുത്തിയെന്നും പരാതികൾ ഉണ്ടായിട്ടുണ്ട്;

(ബി) എങ്കിൽ ഏതെല്ലാം പത്രപ്രതിനിധികളിൽ നിന്ന്;

(സി) ഈ പരാതികളുടെ അടിസ്ഥാനത്തിൽ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ എടുത്തു;

(ഡി) ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു?

ഉത്തരം

(എ) 5 പേരെ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ദീപിക പത്രത്തിന്റെ പ്രസ് റിപ്പോർട്ടർ ആർ. ഗോപികൃഷ്ണനെ കോട്ടയത്ത് വച്ചും, മലയാള മനോരമയിലെ ജോയി ശാസ്താംപടിക്കലിനെയും, ജയചന്ദ്ര കുമാറിനെയും, പേട്രിയട്ടിന്റെ പ്രഭാകരനെയും, തൊഴിലാളി ശബ്ദത്തിന്റെ ഡേവിസ് കൊല്ലകയേയും തിരുവനന്തപുരത്തുവച്ചും മർദ്ദിച്ചതായി പരാതി ഉണ്ടായിട്ടുണ്ട്.

(സി) 4 പേരുടെ പേരിൽ.

(ഡി) മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നിർദ്ദേശം പോലീസുകാർക്ക് നൽകിയിട്ടുണ്ട്.

ഒരു വർഷവും അതിലധികവുമായിട്ടും പിടികിട്ടാത്ത പ്രതികൾ

744 [877] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ നടത്തിയശേഷം ഒരു വർഷവും അതിലധികവുമായിട്ടും പിടികിട്ടാപ്പുള്ളികളായി എത്ര പേരുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly